നമ്പർ: ഐ.റ്റി.ഡി. എൻ.എസ്.എസ്. 31എ/2016

**പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ കാര്യാലയം**

ചാക്ക ഐ.റ്റി.ഐ. ക്യാമ്പസ്

തിരുവനന്തപുരം

04.01.2017

പ്രേഷിതൻ

പ്രോഗ്രാം കോ-ഓർഡിനേറ്റർ,
വ്യാവസായിക പരിശീലന വകുപ്പ്
നാഷണൽ സർവ്വീസ് സ്കീം സെൽ

സ്വീകർത്താവ്

**എല്ലാ സർക്കാർ/സ്വകാര്യ ഐ.റ്റി.ഐ. പ്രിൻസിപ്പാൾമാർക്കും,**

| | |
|---|---|
| **വിഷയം:** | **വ്യാവസായിക പരിശീലന വകുപ്പ് - നാഷണൽ സർവ്വീസ് സ്കീം സെൽ - ഊർജ്ജ സംരക്ഷണ ബോധവത്കരണം സംബന്ധിച്ച്** |
| **സൂചന :-** | **04.10.2016-ലെ ഇ.എം.സി./ഇ.റ്റി.&ആർ/എസ്.ഇ.പി. ടെക്/എൻ.എസ്.എസ്. ടെക്നിക്കൽ/16** |

സർ,

കേരള സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ഐ.റ്റി.ഐ. ട്രെയിനികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ പദ്ധതിയുടെ ഭാഗമായി നടത്തുന്ന മേഖലാ ക്വിസ് മത്സരത്തിലേക്ക് താങ്കളുടെ സ്ഥാപനത്തിൽനിന്നും 2 ട്രെയിനികളെ ഐ.റ്റി.ഐ. തലത്തിൽ ക്വിസ് മത്സരം നടത്തി തെരഞ്ഞെടുത്ത് 03.03.2017-നകം nssitdkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ വിജയികളുടെ പേര്, മേൽവിലാസം, ട്രേഡ്, രക്ഷകർത്താവിന്റെ പേര്, ജനനതീയതി എന്നിവ രേഖപ്പെടുത്തിയ ബയോഡാറ്റ അയക്കേണ്ടതാണ്.

10.03.2017-ാം തീയതി കോഴിക്കോട് വനിതാ ഐ.റ്റി.ഐയിൽവച്ച് ഉത്തരമേഖല മത്സരവും 14.03.2017-ാം തീയതി കളമശ്ശേരി ഐ.റ്റി.ഐയിൽ വച്ച് മദ്ധ്യമേഖല മത്സരവും 17.03.2017-ാം തീയതി കഴക്കൂട്ടം വനിത ഐ.റ്റി.ഐയിൽവച്ച് ദക്ഷിണമേഖല മത്സരവും നടത്തുന്നതും ഈ മത്സരങ്ങളിൽനിന്നും വിജയിക്കുന്നവർക്കുള്ള സംസ്ഥാനതല മത്സരം മാർച്ച് രണ്ടാം വാരം നടത്തുന്നതുമാണ്. സംസ്ഥാനതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 10000 രൂപയും ഫലകും രണ്ടാം സ്ഥാനം ലഭിക്കുന്നവർക്ക് 5000 രൂപയും ഫലകും മൂന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 3000 രൂപയും ഫലകവും എനർജി മാനേജ്മെന്റ് സെന്റർ നൽകുന്നതാണ്. മേഖലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന ഐ.ഡി. കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. മേഖലാ മത്സരങ്ങൾ നടത്തുന്ന കോഴിക്കോട് വനിതാ ഐ.റ്റി.ഐ., കളമശ്ശേരി ഐ.റ്റി.ഐ., കഴക്കൂട്ടം വനിതാ ഐ.റ്റി.ഐ. പ്രിൻസിപ്പാൾമാർ/എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ ആവശ്യമായ ക്രമീകരണങ്ങൾ മത്സരങ്ങൾക്കായി ഒരുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**കെ.എസ്. ധർമ്മരാജൻ**
പ്രോഗ്രാം കോ-ഓർഡിനേറ്റർ